



# പ്രേമപൗർണമി

**ഇടശ്ശേരി**

പി. കുഞ്ഞിരാമൻനായരുടെ കാവ്യസമാഹാരങ്ങളിൽവെച്ച് ഞാനധികം ഇഷ്ടപ്പെടുന്നത് 'പ്രേമപൗർണമി' എന്ന കാവ്യമാണ്. കാവ്യം പലതവണ വായിക്കാൻ സാധിച്ചതാവാം ഒരു കാരണം; മറ്റൊന്ന്, കവി ഒരു രാത്രി എന്റെ അതിഥിയായതിന്റെ മധുരസ്മാരകമാണ് ആ മനോഹര ശില്പമെന്നതും.

ആവർത്തിച്ച പഠനം കുഞ്ഞിരാമൻനായരുടെ കാവ്യസൗന്ദര്യത്തെ പ്രത്യക്ഷമാക്കുന്നതിന് അവശ്യം അനുഷ്ഠിക്കേണ്ട ഒരുപാസനയാണ്. ചവിട്ടും കുത്തുമില്ലെങ്കിലും ആ കാമധേനു ഉപേക്ഷഭാവത്തെ പൊറുക്കില്ല, ശ്രദ്ധാപൂർവമായ പരിലാളനകൾ കൊണ്ടേ അവൾ പാൽ ചുരത്തിത്തരൂ.

സരളമായ ഒരിതിവൃത്തം. ആയിഷയും അജിതനും പ്രേമബദ്ധരാണ്. സമുദായങ്ങൾ അവർക്കെതിരും; കാമലമ്പടനായ ഒരു പ്രഭുവിൽനിന്നുള്ള പീഡനങ്ങൾ നായികയ്ക്ക്; 'നീയെന്റെ മകനല്ലെന്നേടത്തോളം എത്തിയ പിതൃരോഷപീഡ നായകന്- സമ്മർദ്ദങ്ങൾക്കടിപ്പെട്ട് പ്രായശ്ചിത്തം ചെയ്യുന്നതിന്റെ വക്കോളമെത്തിയ നായകൻ സ്വന്തം ബോധശക്തിയുടെ ധാരാവേഗത്താൽ പിടഞ്ഞൊഴുകി ആയിഷയുടെ അടുത്തെത്തുമ്പോൾ, ഏതു കൈരാത ശക്തിക്കും കീഴടങ്ങാത്ത ആ ദേവത, അതേ കാരണത്താൽ തീകൊളുത്തപ്പെട്ട കുടിലിൽ കിടന്ന് ജീവനുവേണ്ടി പിടയുകയാണ്. പിന്നെ, സാധാരണപോലെ കവി ധീരോദാത്തനാക്കിയ നായകൻ നായികയെ രക്ഷിച്ച് അവളേയും കൂട്ടി, അവരെ നാമാദ്യമായി കണ്ട ആറ്റുതീരത്തുതന്നെ എത്തുന്നു. അവിടെ,

നീടുറ്റ വൃക്ഷങ്ങൾ നോക്കിനിൽക്കും  
നീലശൈലത്തിനും മീതെ  
പാവന പ്രേമാർത്ഥനപോ-ലങ്ങു  
പാതിരാച്ചന്ദ്രനുയർന്നു.

എന്നായപ്പോൾ അവർ ഏകമനസ്സോടെ ഈ ഒരു തീരുമാനത്തിലെത്തുന്നു:

'പൂതമീ ഭംഗുരപ്രേമ-നദി-  
യേതിൻ ചെറു കൈവഴിയോ,  
വാനവുമൂഴിയുമൊപ്പ-മൈക്യ  
ഗാനശ്രുതിയായി നിൽക്കെ  
നേരിയ വെണ്ണിലാവുമ്മ-വെയ്ക്കു  
മാറിൻ കളകളംപോലെ,  
പൂതസ്വതന്ത്രതയിങ്കൽ-നിത്യ  
പൂർണതയിങ്കലണയാം!'

ഒരു വിശേഷമുണ്ട്. ഒരു കാഥികന്റെ കൈയിൽ വീറോടെ പരിലസിക്കാവുന്ന തീക്ഷ്ണഖഡ്ഗമാണ് മതഭേദകൃതമായ അനീതികളും ദുഷ്പ്രഭുക്കളുടെ കാമചാപലവും, വർണപ്പകിട്ടോടുകൂടിയ അത്തരം സംഭവങ്ങളും രംഗങ്ങളും നമ്മുടെ സാഹിത്യത്തിൽ ഗദ്യപദ്യ വിഭാഗങ്ങളിൽ ഒരുപോലെ സമൃദ്ധമാണ്. അതെല്ലാം വായിച്ച് ലഹരിപിടിച്ച ഒരനുവാചകൻ ഇക്കാവ്യത്തിൽ താദൃശരംഗങ്ങൾ ചിത്രീകരിച്ചതു കാണുമ്പോൾ മൂക്കത്തു വിരൽ വെച്ചുപോകും. 'പാവം!' എന്നു പറയാൻ. ആ പാകത്തിലുള്ള ഒരു വായനക്കാരന് ഇക്കാവ്യത്തിൽ താദൃശരംഗങ്ങൾക്ക് മുൻപും പിൻപും പടുത്തുയർത്തിയ മണിഗോപുരങ്ങളുടെ ദീപ്തിയിലോ ഔന്നത്യത്തിലോ കണ്ണുപോവുകയുമില്ല.

മറ്റൊരു വിശേഷം കൂടിയുണ്ട്. ശബ്ദസുഖത്തെ സംബന്ധിച്ചിടത്തോളം കാവ്യാരംഭത്തിലെ അനാകർഷകവും അരമ്യവുമായ വരികൾ. 'രക്ഷയാര്?' എന്നു തുടങ്ങുന്ന നാല് ഈരടികൾ കൊണ്ട് തികച്ചും ജിജ്ഞാസുക്കളല്ലാത്തവരെ ഓടിക്കുകയാണ് ആദ്യം. പിന്നീട് പന്തിയിൽ വല്ല സഹൃദയനും കാത്തിരിപ്പുണ്ടെങ്കിൽ അവർക്കായി അമൃതം വിളമ്പാനെത്തുന്ന അതിമനോഹരിയായ കാവ്യാംഗനയുടെ മഞ്ജീരശിഞ്ജിതം ഇതാ:

'ചേലിയലും നവമേഘ മാലയുമായ് ക്ഷണനേരം  
ചേർന്നുനിന്ന പെൺമുകിലിൻ മധുരസ്വപ്നം



പ്രേമപൗർണമി
ഇടശ്ശേരി

2

വിണ്ണിൽ വേലിയേറ്റമാർന്നു ചെന്നലച്ചേറിയോരന്തി
ത്തെന്നലിൽ ചെറുതിരയാൽത്തകർന്നുപോയി.'

അനുഗുണശബ്ദസുധാമാധുരി നിൽക്കട്ടെ, കാവ്യസൗധം മുഴുവൻ പൂമുഖത്തുവെച്ച ഈ അർഘ്യോദകത്തിൽ പ്രതിഫലിപ്പിച്ചിരിക്കുന്ന ശില്പനൈപുണ്യം വേറെ ഏതേതിടത്ത് നമുക്ക് പ്രതീക്ഷിക്കാനുണ്ട്!

കാവ്യസമാപ്തിയിൽ ഏകാന്തശോകത്തിൽ മുഴുകുന്ന നിസ്സഹായരായ കഥാപാത്രങ്ങളിൽനിന്നു നമ്മൾ കൺതിരിക്കുമ്പോൾ മനസ്സിൽനിന്നുയരുന്ന ഒരു തേങ്ങലാണ് കാവ്യമുഖം.

'രക്ഷയാരു? മിഴിനീരു ചേരുമോമന്മുഖവുമായ്
രണ്ടു പൊന്മലരിങ്ങനെ ചേർന്നതെന്തിനായ്?'

ഈ ശോകാന്ത കഥാസൗധത്തിന് തൂക്കിയിരിക്കുന്ന ഇരുളൻവാതിൽ മറ, ഔചിത്യം കൊണ്ടും ഏതു നീരാളഖണ്ഡത്തേക്കാളും മനോഹരമാണെന്ന് ഒടുവിൽ നമുക്ക് ബോധ്യം വരുന്നു. 'വീണപൂവി'ൽ ആദ്യത്തെ ശ്ലോകത്തിന് ഇടിഞ്ഞുതകർന്ന ശ്മശാനഗോപുരത്തിന്റെ പ്രതീതിയുണ്ടാക്കുന്ന ശബ്ദത്തിന് സഹായകമായ പദ്യഘടനാരീതി വിശേഷം ഇവിടെ ഓർത്തുപോവുകയാണ്.

ഈ കാവ്യത്തിൽ നാം ആദ്യം കാണുന്ന ആറ്റിൻതീരത്ത് അന്തിത്തങ്ക നീരൊഴുകുമ്പോൾ 'ഇളന്തൈമാവിൽ നവശോഭ പുണരുന്ന അജിതനും തങ്കവല്ലരിപോലെ മുഗ്ദ്ധയായ ആയിഷയും നിൽക്കുന്നു. ആ നായിക ബാലികാസഹജമായ ലീലാകൗതുകത്താൽ ആറ്റിലണിഞ്ഞുവെച്ച പച്ചിലത്തോണി മങ്ങലിലേക്ക് ദൂരദൂരം ഒഴുകിപ്പോകുമ്പോൾ, കഥയറിയാതെ അതിലിരുന്ന് സ്മിതം തൂകുന്ന' മലരിനെ നോക്കിനിൽക്കെ വാസനാവിശേഷത്താലെന്നപോലെ അവളിലുദിക്കുന്ന നെടുവീർപ്പുകൾ ഈ കാവ്യത്തിന് സമാപ്തിപര്യന്തം നീണ്ടുനിൽക്കുന്ന പശ്ചാത്തലമായി മാറുന്നു. ആ പശ്ചാത്തലത്തിൽ വരച്ചുവെക്കുന്ന പ്രേമപാത്രത്തിൽ വെറും സൂചനാരേഖകൾ മാത്രമാണ് സമുദായവിരോധജന്യമായ സംഭവങ്ങൾ. കവി സ്വന്തമായ കൂട്ട് മുഴുവനും എടുത്തുപയോഗിക്കുന്നത് പ്രേമത്തിന്റെ സമുൽകൃഷ്ടവും ദിവ്യവുമായ രൂപത്തെ ആലേഖ്യം ചെയ്യുന്നതിനാണ്. മറ്റൊരു മട്ടിൽപ്പറഞ്ഞാൽ മതഭേദം കൊണ്ടുണ്ടായ വൈഷമ്യമോ ദുഷ്പ്രഭുചാപലമോ അല്ല, തികച്ചും ധാർമികമായ ഹേതുക്കൾ തന്നെയാണ് ഈ രണ്ടാത്മാക്കളുടെ ഏകീകരണത്തിന് വിഘ്നമായി നിൽക്കുന്നതെന്നു വന്നാൽത്തന്നെ, ഈ കവി, അതു സഹിച്ചേക്കുമെന്ന് ആരും കരുതണ്ട. സമുദായം പോകട്ടെ, പ്രപഞ്ചം തന്നെ പ്രേമത്തിനു മുമ്പിൽ ഒരു പൂജാപുഷ്പമായിട്ടേ അദ്ദേഹം എണ്ണുന്നുള്ളൂ എന്നതാണ് വാസ്തവം.

കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം സമ്പന്നമാവുകയും ഈ നാട്ടിൽ ധർമാധർമങ്ങളുടെ തൂക്കം ശരിക്കും കാണിക്കുന്ന ഒരു വെള്ളിക്കോലുണ്ടാവുകയും ചെയ്താൽ എല്ലാമായി എന്നു വിചാരിക്കുന്ന ഇതെഴുതുന്ന ആൾ സായംതോറും ആത്മാവിൽ പുളകം പൂണുമാറ് ഈ വരികൾ ഓർക്കുന്നു.

'നൂനംതൻ ദേവപൂജയ്ക്കു, താരക-
പ്പൂനിറച്ചോരു പൂജപ്പൂത്തട്ടമായ്
നീലശൈലോപരി നിന്നു മേദുര-
ശ്രീലസദഭ്രപംക്തിയിലൂടവേ,
സന്നതാംഗി നിശ്ശബ്ദമണയുന്നു
മന്ദമന്ദമിശ്യാമളയാമിനി!'

തുടർന്ന് മന്ത്രശക്തിയുള്ള ഈ വരികൾ പാടിപ്പോവുകയും ചെയ്യുന്നു.

'ഉൽഗലൽ ബാഷ്പ പാദോദകവുമാ-
യുന്മഷൽ പ്രേമപൂജാസുമവുമായ്
പേർത്തുമിന്നെൻ ഹൃദയകുടീരത്തിൽ-
ക്കാത്തിരിപ്പാണതിഥി പൂജയ്ക്കു ഞാൻ.'

മഹാകവി പി. കാഞ്ഞങ്ങാട് ഷഷ്ഠിപൂർത്തി ആഘോഷക്കമ്മിറ്റി,
എൻ.ബി.എസ്, കോട്ടയം, 1996, പു. 279–83